# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2980 07.11.2019 ൽ മറുപടിക്ക്**

**പിറവം നിയോജകമണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം**

| **ചോദ്യം**<br>**ശ്രീ.അനൂപ് ജേക്കബ്** | | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | കഴിഞ്ഞ വർഷവും ഈ വർഷവും ഉണ്ടായ പ്രളയത്തിൽ തകർന്ന പിറവം നിയോജകമണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച തുക പര്യാപ്തമാണോയെന്ന് അറിയിക്കുമോ; അല്ലെങ്കിൽ കൂടുതൽ തുക വകയിരുത്താൻ നടപടികൾ സ്വീകരിക്കുമോ, | (എ) & (ബി) | എറണാകുളം നിരത്തു വിഭാഗത്തിനു കീഴിൽ പിറവം നിയോജക മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിനു വേണ്ടി 224 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ലഭിച്ചിരുന്നെങ്കിലും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കു വേണ്ടി 105 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.<br>മൂവാറ്റുപുഴ നിരത്ത് വിഭാഗത്തിനു കീഴിൽ പിറവം നിയോജക മണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് 2018-ൽ അനുവദിച്ച തുക പര്യാപ്തമായിരുന്നു. 2019-ൽ അനുവദിച്ച തുക പര്യാപ്തമല്ല. പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഇനി 40 ലക്ഷം രൂപ കൂടി ആവശ്യമായി വരും.<br>പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിന്റെ വലിപ്പവും മലയോര പ്രദേശങ്ങളിലെ റോഡുകളുടെ തകർച്ചയും പ്രത്യേകമായി കണക്കിലെടുത്ത് കൂടുതൽ തുക വകയിരുത്തുമോയെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**